## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 354.

25.06.2018 -ലെ മറുപടിക്ക്.

### ആരോഗ്യ പരിരക്ഷ പദ്ധതി

ചോദ്യം

**ശ്രീ.പി.കെ. ശശി**
**ശ്രീ. എസ്.ശർമ്മ**
**ശ്രീ.കെ. ദാസൻ**
**ശ്രീ.സി.കൃഷ്ണൻ**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അസംഘടിത മേഖലയിലുള്ള തൊഴിലാളി കുടുംബങ്ങൾക്കായി ചിയാക് (CHIAK) മുഖേന കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കി വരുന്ന ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) | വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിനു പുറമെ സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ നടപ്പാക്കുന്ന ചിസ് പ്ലസ്, മുതിർന്ന പൗരന്മാർക്കായുള്ള എസ്ചിസ് (SCHIS) എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ; | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇത്തരം ഹെൽത്ത് കാർഡുള്ള മുഴുവൻ പേർക്കും കാൻസർ, ഹൃദ്രോഗം, പക്ഷാഘാതം, കരൾ-വൃക്ക രോഗങ്ങൾ,തലച്ചോറിലെ ട്യൂമർ തുടങ്ങിയ മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താനായുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 2011 വർഷം മുതൽ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം ആർ.എസ്.ബി.വൈ/ചിസ് കാർഡ് ഉള്ളവർക്ക് കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000/- രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജ്യണൽ ക്യാൻസർ |

| | | | |
|---|---|---|---|
| | | | സെന്റർ, തിരുവനന്തപുരം (RCC), മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി (MCC), ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം (SCT), മുതലായ ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേന നൽകിവരുന്നുണ്ട്. ഇതിന്റെ മുഴുവൻ ചിലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത് |
| (ഡി) | കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ച ദേശീയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാണോ; ജന സംഖ്യയുടെ പതിമൂന്ന് ശതമാനം പേർക്ക് മാത്രമായി പരിമിതപ്പെട്ടുത്താനുദ്ദേശിച്ചുള്ള ഈ പദ്ധതി പ്രാബല്യത്തിലാകുന്നതോടെ നിലവിൽ കേന്ദ്ര സഹായത്തോടെയുള്ള ആർ.എസ്.ബി.വൈ.സ്കീമിൽ ഉൾപ്പെട്ടവർ പുറത്താകാനിടയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വിശദാംശം ലഭ്യമായിട്ടില്ല. എന്നാലും നിലവിലെ കേന്ദ്ര സർക്കാർ അറിയിപ്പ് അനുസരിച്ച് കേരളത്തിലെ ആർ.എസ്.ബി.വൈ പദ്ധതിയിലുള്ള മുഴുവൻ കുടുംബങ്ങളും പുതിയ പദ്ധതിയിൽ അംഗമാവുന്നതിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെയും ആരോഗ്യ സംരക്ഷണവും, സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇൻഷുറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ), ആർ.എസ്.ബി.വൈ പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ കൂടുതൽ വിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട തൊഴിലാളി ക്ഷേമനിധി ബോർഡ്/ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ/പെൻഷൻകാർ, 1000 രൂപയോ അതിൽ കുറവോ മാസപെൻഷൻ കിട്ടുന്ന ഇ.പി.എഫ് പെൻഷണേഴ്സ്, എ.എ.വൈ. (മഞ്ഞ നിറം) മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി, ബി.പി.എൽ ആക്കിമാറ്റിയ വെള്ള, നീല റേഷൻകാർഡ് ഉടമകൾ ഉൾപ്പെട്ട കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000/- രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കും.

ആർ.എസ്.ബി.വൈ പദ്ധതി നടത്തിപ്പിൽ ഇൻഷുറൻസ് പ്രീമിയത്തിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ (ചിസ്) 100% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

2011 വർഷം മുതൽ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം ആർ.എസ്.ബി.വൈ.-ചിസ് കാർഡ് ഉള്ളവർക്ക് കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000/- രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജ്യണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം (RCC), മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി (MCC), ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം (SCT), മുതലായ ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേന നൽകിവരുന്നുണ്ട്. ഇതിന്റെ മുഴുവൻ ചിലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2017 ഏപ്രിൽ മാസം 1 മുതൽ ആർ.എസ്.ബി.വൈ.-ചിസ് പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനുമുകളിലുമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000/- രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിക്കുന്ന പദ്ധതിയാണ് എസ്ചിസ്. ഇത് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. ആർ.എസ്.ബി.വൈ. പദ്ധതിയിലെ എസ്ചിസ് കുടുംബങ്ങളുടെ 60% ഇൻഷുറൻസ് പ്രീമിയം കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. അതുപോലെ ചിസ് പദ്ധതിയിലെ എസ്ചിസ് കുടുംബങ്ങളുടെ മുഴുവൻ ഇൻഷുറൻസ് പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ